**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3379** | **11.05.2017 - ൽ മറുപടിക്ക്**

# കൺസ്യൂമർ ഫെഡ് പുതുതായി വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വാടക

**ചോദ്യം**

**ശ്രീ.അനിൽ അക്കര**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ദേശീയ - സംസ്ഥാന പാതയോരത്ത് നിന്ന് മദ്യ വിൽപ്പന ശാലകൾ 500 മീറ്റർ മാറ്റി സ്ഥാപിക്കണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുതുതായി കൺസ്യൂമർ ഫെഡ് വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വാടക, വിസ്തീർണ്ണം, ഉടമസ്ഥന്റെ പേരു വിവരം തുടങ്ങിയവ വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കൺസ്യൂമർ ഫെഡ് കടമുറികൾ വാടകയ്ക്കെടുക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കൺസ്യൂമർഫെഡിന്റെ വിദേശമദ്യ ഷോപ്പിന്റെ നടത്തിപ്പിന്റെ ചുമതലയുള്ള ജീവനക്കാരനും (യൂണിറ്റ് ഇൻചാർജ്ജ്) ഷോപ്പിലെ മറ്റ് ജീവനക്കാരും ഷോപ്പ് തുറക്കാൻ ഉദ്ദേശിക്കുന്ന പരിസരത്തെ ജനനേതാക്കൾ എന്നിവരുമായി ചർച്ച ചെയ്ത് സ്ഥലം കണ്ടെത്തുന്നു. ഇത്തരത്തിൽ സ്ഥലം കണ്ടെത്തിയ ശേഷം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപനവുമായി അനൗപചാരികമായി കൂടിയാലോചന നടത്തുന്നു. ഇതിനെ തുടർന്ന് എക്സൈസ് ഉദ്യോഗസ്ഥരെ വിവരം ധരിപ്പിക്കുന്നു. അവർ സ്ഥലത്ത് വന്ന് പരിശോധിച്ച് നിലവിലുള്ള നിയമത്തിന്റെ അകത്ത് നിന്ന് ടി സ്ഥലം വിദേശമദ്യ ഷോപ്പ് നടത്തുന്നതിന് അനുയോജ്യമാണോയെന്ന് തീരുമാനിയ്ക്കുന്നു. ഈ ഘട്ടത്തിൽ, റീജിയണൽ മാനേജർ, റീജിയണൽ മാനേജർ (ലെയ്സൺ ആന്റ് കോ ഓർഡിനേറ്റർ) ഷോപ്പ് ഇൻ ചാർജ്ജും കൂടി പ്രാദേശികമായി നൽകാവുന്ന വാടകയെക്കുറിച്ച് ധാരണയിലെത്തുകയും സ്ഥലം ഉടമയുമായി സംസാരിക്കുകയും ചെയ്യുന്നു. അതിനെ തുടർന്ന് എക്സൈസ് ഡിപ്പാർട്ട്മെന്റിൽ |

| | | | |
|---|---|---|---|
| | | | അപേക്ഷ നൽകി ലൈസൻസ് സമ്പാദിക്കുന്നു. ലൈസൻസ് ലഭിച്ചാൽ ഉടനെ പുതിയ സ്ഥലത്തേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നു. അതോടൊപ്പം 'ഡി' ആൻറ് 'ഒ' ലൈസൻസിനുള്ള അപേക്ഷ നൽകുന്നു. ഷോപ്പ് പ്രവർത്തനം ആരംഭിച്ചതിന് ശേഷം മറ്റ് വിധത്തിലുള്ള തർക്കങ്ങൾ ഒന്നുമില്ലെങ്കിൽ ഷോപ്പിന്റെ ഉടമയെ അഡ്മിനിസ്ട്രറ്റീവ് കമ്മിറ്റിയിലേയ്ക്ക് വിളിപ്പി ച്ച് ജനറൽ മാനേജർ, മാനേജിംഗ് ഡയറക്ടർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് വാടക തീരുമാനിക്കുകയും ഈ നടപടിയ്ക്ക് അഡ്മിനിസ്ട്രറ്റീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ എഗ്രിമെൻറ് വെയ്ക്കുകയും ചെയ്യുന്നു. |
| (സി) | കടകൾ വാടകയ്ക്കെടുക്കുന്നതിന് നടപടിക്രമങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ . പാലിച്ചാണോ പുതിയ കടകൾ വാടകയ്ക്കെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | കടകൾ വാടകയ്ക്ക് എടുക്കുന്നതിന് പ്രത്യേകിച്ച് ഒരു നടപടി ക്രമം നിയമങ്ങളിലോ ചട്ടങ്ങളിലോ വിവക്ഷിച്ചിട്ടില്ല. ചോദ്യം ബി യുടെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരമാണ് പുതിയ കടകൾ വാടകയ്ക്ക് എടുത്തിട്ടുള്ളത്. |
| (ഡി) | കൺസ്യൂമർ ഫെഡ് വാടകയ്ക്കെടുത്തിട്ടുള്ള കടകൾക്ക് വാടക നിശ്ചയിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | (ഡി) | പ്രാദേശികമായി സ്ഥലത്തിൻെറ ലഭ്യത, വിസ്തീർണ്ണം, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ആ പ്രദേശത്ത് നിലവിലുള്ള മറ്റ് സ്ഥാപനങ്ങളുടെ വാടക എന്നിവയുടെ അടിസ്ഥാനത്തിലാണ് വാടക നിശ്ചയിക്കുന്നത്. റെൻട് എഗ്രിമെൻറ് ആക്റ്റിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം പരമാവധി അഞ്ച് മാസക്കാലത്തെ വാടക അഡ്വാൻസായി നൽകുന്നുണ്ട്. |
| (ഇ) | ഇപ്പോൾ കൺസ്യൂമർ ഫെഡ് വാടകയ്ക്കെടുത്തിട്ടുള്ള കടകളുടെ വാടക, കരാർ തുടങ്ങിയവയ്ക്ക് സർക്കാരിന്റെ അംഗീകാരമുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | കൺസ്യൂമർഫെഡിൻെറ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി വളരെക്കാലങ്ങളായി കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കാറുണ്ട്. ഇതിന് അംഗീകാരം നൽകുന്നത് ഭരണസമിതിയാണ്. മറിച്ച് സർക്കാരിൽ നിന്നും അംഗീകാരം നേടുന്ന പതിവില്ല. മദ്യ ഷോപ്പുകൾ തങ്ങളുടെ പ്രദേശത്ത് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം പ്രതിഷേധവും പരാതിയും ഉയർന്നു വന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം | കെട്ടിടത്തിന്റെ പ്രതിമാസ വാടക | വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് വിവരം |
|---|---|---|---|
| 1 | 65,000 രൂപ | 2000 സ്ക്വയർ ഫീറ്റ് | പ്രസന്നകുമാർ (തിരുവനന്തപുരം, ഓവർ ബ്രിഡ്ജ്) |
| 2 | 65,000 രൂപ | 1300 സ്ക്വയർ ഫീറ്റ് | അരുൺ പിള്ളെ ആന്റ് ബിന്ദു (തിരുവനന്തപുരം, സ്റ്റാച്യു, ബിയർ ഷോപ്പ്) |
| 3 | 14,400 രൂപ | 720 സ്ക്വയർ ഫീറ്റ് | വ്യാപാരി വ്യവസായ ഏകോപന സമിതി (പത്തനംതിട്ട) |
| 4 | 41,000 രൂപ | 1300 സ്ക്വയർ ഫീറ്റ് | സജി തോമസ്(പൊൻകുന്നം, കോട്ടയം) |
| 5 | 3,75,000 രൂപ | 5900 സ്ക്വയർ ഫീറ്റ് | സി.വി.ജേക്കബ്ബ് പനമ്പള്ളി നഗർ (വൈറ്റില, എറണാകുളം) |
| 6 | 52,020 രൂപ | 2890 സ്ക്വയർ ഫീറ്റ് | സജു അഗസ്റ്റ്യൻ, റോണി റെജി (കൂത്താട്ടുകുളം, എറണാകുളം) |
| 7 | 25,000 രൂപ | 1100 സ്ക്വയർ ഫീറ്റ് | ദിനേശൻ.സി.കെ (വടക്കാഞ്ചേരി, തൃശ്ശൂർ) |
| 8 | 3,00,000 രൂപ | 2717 സ്ക്വയർ ഫീറ്റ് | ജോസഫ്.കെ.തോമസ്, കോഴിക്കോട് |
| 9 | 1,65,000 രൂപ | 2000 സ്ക്വയർ ഫീറ്റ് | ദമയന്തി സൂര്യകാന്ത് മഹേഷ്, കണ്ണൂർ |